**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - തിരുവനന്തപുരം എൽ. എ. റയിൽവേസ് സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ സ്പെഷ്യൽ തഹസീൽദാറുടെ പേരിൽ തിരുവനന്തപുരം ഫോർട്ട് പ്രിൻസിപ്പൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം.9868/2018/ധന.** തിരുവനന്തപുരം, തീയതി **30/11/2018**

---

പരാമർശം:-

1. G.O(Rt) No 2408/2018/Rev dated 27/06/18
2. 01/10/2018 തീയതിയിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കെ4-70035/2017 നമ്പർ കത്ത്.
3. ഭരണ വകുപ്പ ഫയൽ നം.REV-B1/796/2018-REV(Computer no.981760 )

<u>**ഉത്തരവ്**</u>

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം-നേമം റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പൊന്നുംവില നടപടികൾക്കായി പുതിയ എൽ.എ യൂണിറ്റ് അനുവദിച്ചുകൊണ്ട് പരാമർശം 1 ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതും ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണെന്ന് അറിയിക്കുകയും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 റൂൾസ് 4(3) പ്രകാരം നഷ്ടപരിഹാരത്തുകയുടെ 5% ചുരുങ്ങിയത് 50,00,000 രൂപ എന്ന തുകയ്ക്ക് വിധേയമായി, ഭൂമി ഏറ്റെടുക്കലിനുള്ള ആനുഷാംഗിക ചെലവുകൾ കണക്കാക്കേണ്ടതും ഇത് കളക്ടർ, തന്റെ അധീനതയിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുള്ളതിനാൽ, തിരുവനന്തപുരം-നേമം റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികൾക്കായി അർത്ഥനാധികാരി അനുവദിക്കുന്ന ആനുഷാംഗിക ചെലവുകൾക്കുള്ള ഫണ്ട് സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി സ്പെഷ്യൽ തഹസീൽദാർ (എൽ.എ), റയിൽവേ-യുടെ പേരിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തിരുവനന്തപുരം ഫോർട്ട് പ്രിൻസിപ്പൽ സബ് ട്രഷറിയിൽ ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 റൂൾസ് 4(3) പ്രകാരം നഷ്ടപരിഹാരത്തുകയുടെ 5% ഭൂമി ഏറ്റെടുക്കലിനുള്ള ആനുഷാംഗിക ചെലവുകൾ കണക്കാക്കേണ്ടതും ഇത് കളക്ടർ, തന്റെ അധീനതയിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്നും കൂടാതെ കെട്ടിടത്തിന്റെ വാടക, വൈദ്യുതി കരം, വെള്ളക്കരം, സ്റ്റേഷ്നറി ചാർജ്ജ് എന്നിവ പൂർണ്ണമായും റെയിൽവെ ലഭ്യമാക്കുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന നിബന്ധനയോടെ, തിരുവനന്തപുരം എൽ. എ. റയിൽവേസ് സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ സ്പെഷ്യൽ തഹസീൽദാറുടെ പേരിൽ തിരുവനന്തപുരം ഫോർട്ട് പ്രിൻസിപ്പൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ)കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

റവന്യൂ (ബി) വകുപ്പ് (file No: REV-B1/796/2018-REV(Computer no.981760 ) പ്രകാരം)

ധനകാര്യ (വ്യയം-ബി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ